219 (285) ഉല്പാദന-സേവന-പശ്ചാത്തല മേഖലകളിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള പുരോഗതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതിനുശേഷം നാളിതുവരെ ഉല്പാദന-സേവന-പശ്ചാത്തല മേഖലകളിൽ സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ;

(ബി) ഓരോ മേഖലയിലും ഇതിനകം ഉണ്ടായിട്ടുള്ള നേട്ടം പ്രതിപാദിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) സേവന മേഖലകളിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും മുൻഗണന നൽകുന്നത്;

(ഡി) ജനകീയാസൂത്രണ ഫണ്ടുകൾ ദുരുപയോഗം ചെയ്യാതെ നീരീക്ഷിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകാൻ തയ്യാറാകുമോ;

(ഇ) ഉല്പാദന മേഖലയിൽ ചെലവഴിക്കുന്ന തുകയ്ക്ക് അനുസൃതമായ പുരോഗതിയുണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സമയ ബന്ധിതമായി വിലയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-98 ൽ ഉല്പാദന മേഖലയിൽ 24464 ഉം സേവന മേഖലയിൽ 24620 ഉം പശ്ചാത്തല മേഖലയിൽ 16368 ഉം പ്രോജക്ടുകൾ നടപ്പാക്കുകയുണ്ടായി. തൊട്ടടുത്ത 1998-99 കാലഘട്ടത്തിൽ മേൽപ്പറഞ്ഞ മേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ വളരെയധികം വർദ്ധനവുണ്ടായി. ടി കാലയളവിൽ ഉല്പാദന മേഖലകളിൽ 36724 ഉം സേവന മേഖലയിൽ 43237ഉം പശ്ചാത്തല മേഖലയിൽ 36986 ഉം പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

(ബി) ജനകീയാസൂത്രണത്തിന്റെ 1997-98, 1998-99 വാർഷിക പദ്ധതികളിൽ ആർജ്ജിക്കപ്പെട്ട പ്രധാന ഭൗതികനേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഭവനനിർമ്മാണം, ഭവനനിർമ്മാണത്തിന് സ്ഥലം അനുവദിച്ചു നൽകൽ, വീടുകളുടെ പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, വീടുകൾ വൈദ്യുതീകരിക്കൽ, പുകയില്ലാത്ത അടുപ്പു വിതരണം, കിണർ നിർമ്മാണം, വാട്ടർ ടാപ്പ് കണക്ഷൻ, പുതിയ സ്കൂൾ കെട്ടിടനിർമ്മാണം, അംഗൻവാടി കെട്ടിട നിർമ്മാണം, ആശുപത്രി കെട്ടിടനിർമ്മാണം, മുതലായവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

(ഡി) ജനകീയാസൂത്രണ പദ്ധതി വിഹിതം ദുരുപയോഗം ചെയ്യുന്നതു തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

220 (286) കെൽട്രോണിന്റെ വിപുലീകരണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ വിപുലീകരണത്തിന് എന്തെല്ലാം നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്;

(ബി) കെൽട്രോൺ ഉല്പന്നങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ മാർക്കറ്റ് കണ്ടെത്താൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം രാജ്യങ്ങളുമായി വ്യാപാര ഇടപാടുകൾ കെൽട്രോൺ നടത്തിവരുന്നു;

(ഡി) പുതിയ കരാറുകൾ ഏതെല്ലാം രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുണ്ട്;

(ഇ) കെൽട്രോണിന്റെ ഇപ്പോഴത്തെ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) സഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.†

221 (287) അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം

ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഇതിനകം എത്ര ഗ്രാമപഞ്ചായത്തുകളിലാണ് അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതിയൊരു സാമൂഹ്യമാറ്റത്തിനു കളമൊരുക്കുന്ന വിധത്തിൽ സംസ്ഥാനത്തൊട്ടാകെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോഴും ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly